(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

*3 [383] ശ്രീ. പി. സി. ജോർജ്:

" കോടിയേരി ബാലകൃഷ്ണൻ:

" ടി. കെ. ദേവകുമാർ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെയോ തദ്ദേശ സ്ഥാപനങ്ങളുടെയോ സഹായം ലഭിക്കാതെ ഔഷധ വിൽപ്പനയും വിതരണവും നടത്തുന്ന എല്ലാ ആശുപത്രികളും നിയമപ്രകാരമുള്ള ലൈസൻസ് എടുത്തിരിക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എത്രയെണ്ണത്തിന് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ഇ) ഔഷധനിർമ്മാണത്തിലും വിതരണത്തിലും നടക്കുന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ എന്നറിയിക്കാമോ;

(എഫ്) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാനത്ത് പ്രത്യേക നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ഔഷധ സൗന്ദര്യവർദ്ധകവസ്തു നിയമം/ചട്ടങ്ങളുടെ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) നിയമത്തിന്റെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഇത് സംബന്ധിച്ച് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2003-04 വർഷം 2 പുതിയ വാഹനങ്ങൾ വാങ്ങി. ഇതോടെ വകുപ്പിലെ 5 റീജിയണൽ ആഫീസുകൾക്കും വാഹനങ്ങൾ കൊടുത്തിട്ടുണ്ട്. ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ കഴിഞ്ഞ വർഷം 3 അനലിസ്റ്റ് ഗ്രേഡ്-III തസ്തികകളും 2 അനലിസ്റ്റ് ഗ്രേഡ്-II തസ്തികകളും

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 19.83 ലക്ഷം രൂപ ലാബിന്റെ വികസനത്തിനായി ചെലവാക്കി. കേന്ദ്രസഹായമായി 59.50 ലക്ഷം രൂപ ലാബിന്റെ വികസനത്തിനായി നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. 10-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ 5000 സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ കഴിയും. ഇപ്പോൾ അതിന്റെ കപ്പാസിറ്റി പ്രതിവർഷം 3500 ആണ്. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) മിക്ക സ്വകാര്യ ആശുപത്രികളും ലൈസൻസ് എടുക്കാൻ വിസമ്മതിച്ചിരിക്കുകയാണ്. എല്ലാ സ്വകാര്യ ആശുപത്രികളും ഔഷധ വിൽപ്പനയ്ക്കുള്ള ലൈസൻസ് എടുക്കണമെന്ന ഡ്രഗ്സ് കൺട്രോളറുടെ ഉത്തരവ് കേരള ഹൈക്കോടതി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ എന്നിവർ ഫയൽ ചെയ്ത കേസുകളിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് 177 സ്വകാര്യ ആശുപത്രികൾ ഔഷധ വിൽപ്പന ലൈസൻസ് എടുത്തിട്ടുണ്ട്.

(ഡി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികൾക്കെതിരെ ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേയുടെ വെളിച്ചത്തിൽ നടപടികൾ എടുക്കാൻ കഴിയുകയില്ല.

(ഇ) നിലവിലുള്ള നിയമത്തിൽ പല പോരായ്മകളും ഉള്ളതായി എക്സപേർട്ട് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) കേന്ദ്ര ഗവൺമെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടു വരുവാൻ നടപടി ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇതിനായി പ്രത്യേകം നിയമം നടപ്പാക്കേണ്ട ആവശ്യമില്ല.

(ജി ആന്റ് എച്ച്) 1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ ഡ്രഗ്സ് ഇൻസ്പെക്ടർക്കും 200 സെയിൽ ലൈസൻസിന്റെ മേൽനോട്ടവും പരിശോധനയും സാമ്പിൾ കളക്ഷനും ഏർപ്പെടുത്തിയിട്ടുണ്ട്.

2. വിലകൂടിയ ഔഷധങ്ങൾ സാമ്പിൾ എടുത്ത് പരിശോധിക്കുവാൻ കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

3. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ പരാതികൾ അന്വേഷിക്കുവാനും തുടർ നടപടികൾ എടുക്കുവാനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ ഒന്നൊഴികെ എല്ലാ തസ്തികകളും നികത്തിയിട്ടുണ്ട്.

5. വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് ടു ഡ്രഗ്സ് കൺട്രോളർ തസ്തികയ്ക്ക് ഡ്രഗ്സ് ഇൻസ്പെക്ടറുടെ ചുമതല നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ഇന്റലിജൻസ് ബ്രാഞ്ചിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം നേരിട്ട് ഡ്രഗ്സ് കൺട്രോളർക്ക് റിപ്പോർട്ട് നൽകുന്നു.

7. ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ഒരു ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

8. കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ടിന്റെ ഭാഗമായി കോഴിക്കോട്ടും എറണാകുളത്തും റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തുടങ്ങുവാൻ പദ്ധതി ആവിഷ്ക്കരിച്ച് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നു. എന്നാൽ അവ അംഗീകരിക്കപ്പെട്ടില്ല. പകരം കേന്ദ്രസർക്കാർ ഇപ്പോൾ നിലവിലുള്ള തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ 59.50 ലക്ഷം രൂപ വാഗ്ദാനം ചെയ്തിട്ടുണ്ട്.

9. ഔഷധ വിൽപ്പന, വിതരണ നിർമ്മാണ ലൈസൻസുകളുടെ കാലാവധി 2 വർഷത്തിൽ നിന്നും 5 വർഷമാക്കുകയും ലൈസൻസ് ഫീസ് ഉയർത്തുകയും ചെയ്തിട്ടുണ്ട്.

10. ഔഷധ നിർമ്മാണ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി പ്രോസിക്യൂട്ട് ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

11. കണ്ണൂർ, തൃശ്ശൂർ എന്നീ മേഖലാ ഓഫീസുകളിൽ വാഹനം അനുവദിച്ച് കൊടുത്തിട്ടുണ്ട്.

12. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

13. ലൈസൻസിന്റെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് പകരം പിഴ ഈടാക്കുന്ന രീതി (Compounding of offences) കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

14. സ്വകാര്യ ആശുപത്രികളുടെ ലൈസൻസുകൾ സംബന്ധിച്ച് എത്രയും വേഗം തീരുമാനം ഉണ്ടാക്കുവാൻ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു.

എം. പി.-മാരുടെ യോഗം

*4 [384] ശ്രീ. രാജു എബ്രഹാം:

„ പി. ജയരാജൻ:

„ വി. ചെന്താമരാക്ഷൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് ഏറ്റവും ഒടുവിൽ കൂടിയ എം. പി.-മാരുടെ യോഗം ചർച്ച ചെയ്തതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly